ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 23.04.2026**

പ്രധാന വാർത്തകൾ

**TIME : 06.30 PM**

1. തമിഴ്‌നാട്ടിലേയും, പശ്ചിമബംഗാളിലെ ഒന്നാം ഘട്ടത്തിലേക്കുമുള്ള നിയമസഭ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് ഇന്ന് നടന്നു. അഞ്ച് മണിവരെ തമിഴ്‌നാട്ടിൽ 82.24 ശതമാനവും പശ്ചിമബംഗാളിൽ 89.93 ശതമാനവും പോളിംഗ്.
2. തൃശൂർ വെടിക്കെട്ടുപുര അപകടത്തിന്റെ പശ്ചാത്തലത്തിൽ പൂരം ആചാരപരമായ ചടങ്ങുകൾ മാത്രമാക്കി നടത്താൻ ഉന്നതതല യോഗത്തിൽ തീരുമാനം. വെടിക്കെട്ട് ഒഴിവാക്കി. കുടമാറ്റം 15 മിനിറ്റ് മാത്രം.
3. സംസ്ഥാനത്ത് കനത്ത ചൂട് തുടരും. പാലക്കാട്, കൊല്ലം, തൃശൂർ ജില്ലകളിൽ ഇന്നും നാളെയും ഉഷ്ണതരംഗത്തിന് സാധ്യത.
4. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആശുപത്രികളിലും ആംബുലൻസുകളിലും സൂര്യാഘാതം നേരിടാനുള്ള പ്രഥമശുശ്രൂഷാ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
5. തിരുവനന്തപുരം ചിറയിൻകീഴിൽ പാമ്പുകടിയേറ്റ് എട്ട് വയസുകാരൻ മരിച്ച സംഭവത്തിൽ ഡി എം ഒ റിപ്പോർട്ട് തേടി.
6. ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്- ഒഡീഷ എഫ് സി പോരാട്ടം.

****************

## തമിഴ്നാട്, പശ്ചിമബംഗാൾ തിരഞ്ഞെടുപ്പ്

തമിഴ്നാട്ടിലും, പശ്ചിമബംഗാളിലെ ഒന്നാംഘട്ടത്തിലേക്കുമുള്ള നിയമസഭ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് ഇന്ന് നടന്നു. അഞ്ചു മണിവരെയുള്ള കണക്കുകൾ പ്രകാരം തമിഴ്നാട്ടിൽ 82.24 ശതമാനവും പശ്ചിമബംഗാളിൽ 89.93 ശതമാനവുമാണ് പോളിംഗ്. രാവിലെ 7 മണിക്കാണ് വോട്ടെടുപ്പ് ആരംഭിച്ചത്. തമിഴ്നാട്ടിലെ 234 നിയമസഭാ മണ്ഡലങ്ങളിലേക്ക് ഒറ്റഘട്ടമായിട്ടായിരുന്നു വോട്ടെടുപ്പ്. പശ്ചിമ ബംഗാളിൽ ആദ്യഘട്ടത്തിൽ 152 നിയമസഭാ മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ് നടന്നത്. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലും പുതുച്ചേരിയിലും നിയമസഭ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ മെയ് നാലിനാണ്.

********************************

## ഗുജറാത്ത്- ഉപതിരഞ്ഞെടുപ്പ്

ഗുജറാത്തിലെ ഉമ്രേത്ത് നിയമസഭാ മണ്ഡലത്തിലും മഹാരാഷ്ട്രയിലെ ബാരാമതി, രാഹുരി മണ്ഡലങ്ങളിലും ഇന്ന് ഉപതിരഞ്ഞെടുപ്പ് നടന്നു. അഞ്ചു മണിവരെ ഉമ്രേത്തിൽ 54.43 ശതമാനവും ബാരാമതിയിൽ 52.44 ശതമാനവും രാഹുരിയിൽ 50.68 ശതമാനവും പോളിങ് രേഖപ്പെടുത്തി.

********************************

## തൃശ്ശൂർ പൂരം (ഇൻട്രോ)

തൃശൂർ പൂരം ആചാരപരമായ ചടങ്ങുകൾ മാത്രമാക്കി നടത്താൻ ഇന്ന് ചേർന്ന ഉന്നത തലയോഗത്തിൽ തീരുമാനിച്ചു. വെടിക്കെട്ട് ഒഴിവാക്കാനും തീരുമാനമായി. **വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്.........**

(വോയിസ്)

********************************

## പരിശോധന - വെടിക്കെട്ട് അപകടം

തൃശൂർ വെടിക്കെട്ട് അപകടം നടന്ന മുണ്ടത്തിക്കോട് പാടശേഖരത്തിൽ ഇന്ന് നടന്ന പരിശോധനയിലും ശരീരഭാഗങ്ങൾ കണ്ടെത്തി. 10 മൊബൈൽ ഫോൺ അവശിഷ്ടങ്ങളും കണ്ടെത്തി. അപകടസമയത്ത് 37 പേരാണ് ഉണ്ടായിരുന്നത്. അതേസമയം അപകടത്തിൽപ്പെട്ടവരുടെ ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നുള്ള സഹായധനം എത്രയും പെട്ടെന്ന് ലഭ്യമാക്കുമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പറഞ്ഞു.
********************************

## താപനില-ഉഷ്ണതരംഗം

സംസ്ഥാനത്ത് ഇന്നും നാളെയും താപനില നാല് മുതൽ അഞ്ച് ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. ഉഷ്ണതരംഗ സാധ്യത പരിഗണിച്ച് കൊല്ലം, തൃശൂർ, പാലക്കാട് ജില്ലകളിൽ ഇന്നും നാളെയും ഓറഞ്ച് ജാഗ്രത പുറപ്പെടുവിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 41 ഡിഗ്രി സെൽഷ്യസ് വരെയും, കൊല്ലം, തൃശൂർ ജില്ലകളിൽ 40 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരാൻ സാധ്യതയുണ്ട്. സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും സാധ്യതയുണ്ട്.
********************************

## മുഖ്യമന്ത്രി വാർത്താക്കുറിപ്പ്

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ആശുപത്രികളിലും ആംബുലൻസുകളിലും സൂര്യാഘാതം നേരിടാനുള്ള പ്രഥമശുശ്രൂഷാ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്ത് താപനില ഉയർന്ന പശ്ചാത്തലത്തിൽ ജനങ്ങൾ അതീവ ജാഗ്രത പുലർത്തണമെന്നും മുഖ്യമന്ത്രി വാർത്താക്കുറിപ്പിലൂടെ അറിയിച്ചു.
********************************

## കിളികളും കൂളാവട്ടെ (ഇൻട്രോ)

വേനൽ കനക്കുകയാണ്, കേരളം ചുട്ടു പൊള്ളുകയാണ്, ചൂടിൽനിന്നും നമ്മളെ പോലെ തന്നെ പക്ഷി മൃഗാതികൾക്കും

കരുതലാവശ്യമുണ്ട്. പൊള്ളുന്ന വേനലിൽ കിളികൾക്ക് ദാഹജലം ഒരുക്കാനായി, കോഴിക്കോട് ജില്ലാഭരണകൂടം 'കിളികളും കൂളാവട്ടെ' ക്യാമ്പയിന് തുടക്കും കുറിച്ചു. **വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.**

(വോയിസ്)

********************************

## വീണാ ജോർജ്

പാമ്പുകടിയ്ക്കെതിരെ പ്രതിരോധവും സമയബന്ധിതമായ ചികിത്സയും പ്രധാനമെന്ന് മന്ത്രി വീണാ ജോർജ്. താലൂക്ക് തലം മുതലുള്ള എല്ലാ ആശുപത്രികളിലും പാമ്പുകടി ചികിത്സയ്ക്കുള്ള ആന്റി സ്നേക്ക് വെനം ലഭ്യമാണ്. എല്ലാ ആശുപത്രികളും പ്രോട്ടോകോൾ പ്രകാരമുള്ള ചികിത്സ ഉറപ്പാക്കണമെന്നും മന്ത്രി നിർദേശിച്ചു.

********************************

## പാമ്പ് കടിയേറ്റു

തിരുവനന്തപുരം ചിറയിൻകീഴിൽ പാമ്പുകടിയേറ്റ് എട്ട് വയസുകാരൻ ദിക്ഷൽ മരിച്ച സംഭവത്തിൽ ഡി എം ഒ റിപ്പോർട്ട് തേടി. കുട്ടിയെ ആശുപത്രിയിൽ എത്തിച്ചപ്പോൾ വേണ്ട പരിഗണന ലഭിച്ചില്ലെന്ന അച്ഛന്റെ പരാതിയിലാണ് നടപടി. റിപ്പോർട്ട് ഉടൻ നൽകണമെന്ന് സൂപ്രണ്ടിനോട് ഡി എം ഒ നിർദേശിച്ചു. അതേസമയം ദിക്ഷലിന്റെ സംസ്കാരം അഴൂരിലെ വീട്ടു വളപ്പിൽ നടന്നു.

********************************

## ഇടുക്കി തൂക്കുപാലം (ഇൻട്രോ)

മൂന്നാറിലേക്കുള്ള യാത്രാ മദ്ധ്യേ സഞ്ചാരികളുടെ മനംകവരുന്ന മനോഹരമായ ഒരിടമാണ് ഇഞ്ചത്തൊട്ടി ഗ്രാമവും അവിടുത്തെ തൂക്ക് പാലവും. പെരിയാറിന്റെ വിരിമാറിന് കുറുകെ വിസ്മയമായി നിലകൊള്ളുന്ന, കേരളത്തിലെ തന്നെ ഏറ്റവും നീളമേറിയ തൂക്കുപാലങ്ങളിൽ ഒന്നായ ഇഞ്ചത്തൊട്ടി പാലം സഞ്ചാരികൾക്ക് മറക്കാനാവാത്ത അനുഭവമാണ് പകരുക.

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.........

(വോയിസ്)

********************************

**മുൻകൂർ ജാമ്യാപേക്ഷ**

കണ്ണൂർ അഞ്ചരക്കണ്ടി ദന്തൽ കോളേജ് ബി.ഡി.എസ് വിദ്യാർത്ഥി, നിതിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ കുറ്റാരോപിതരായ ഡോ.എം.കെ. റാം, ഡോ.കെ.ടി. സംഗീത നമ്പ്യാർ എന്നിവരുടെ മുൻകൂർ ജാമ്യാപേക്ഷയിൽ അഡീഷണൽ ജില്ലാ കോടതി മറ്റന്നാൾ വിധി പറയും. പട്ടിക ജാതി, പട്ടിക വർഗ്ഗ അതിക്രമ നിരോധന നിയമപ്രകാരം രജിസ്റ്റർ ചെയ്തകേസിൽ കുറ്റാരോപിതരായവർ മുൻകൂർ ജാമ്യത്തിന് അർഹരല്ലെന്ന് പ്രോസിക്യൂഷന് വേണ്ടി ഹാജരായ അഡ്വ.കെ.അജിത്കുമാർ വാദിച്ചു.

********************************

**ഐഎസ്എൽ**

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, ഒഡീഷ എഫ് സിയെ നേരിടും. കൊച്ചി ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

********************************

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ചെന്നൈ സൂപ്പർകിംഗ്സിനെ നേരിടും. രാത്രി 7.30-ന് മുംബൈ വാംഖഡെ സ്റ്റേഡിയത്തിലാണ് മത്സരം.

********************************

**ഓഹരി-സ്വർണ്ണം**

ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 852 പോയിന്റ് താഴ്ന്ന് 77,664 ലും, നിഫ്റ്റി 205 പോയിന്റ് താഴ്ന്ന് 24,173 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില കുറഞ്ഞു. പവന് 800 രൂപ കുറഞ്ഞു ഒരു ലക്ഷത്തി 12,600 രൂപയാണ് ഇന്നത്തെ വില.

********************************

## അന്തർ മന്ത്രാലയ വാർത്താ സമ്മേളനം

രാജ്യത്തുടനീളമുള്ള ഗാർഹിക പാചകവാതക വിതരണം സാധാരണ നിലയിലെന്ന് പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയ സെക്രട്ടറി സുജാത ശർമ്മ. ഇതുവരെ 1.40 ലക്ഷം ടണ്ണിലധികം വാണിജ്യ എൽപിജി വിറ്റഴിക്കാൻ സാധിച്ചതായും അവർ പറഞ്ഞു. മേഖലയിലെ ഇന്ത്യൻ നാവികരുടെ സുരക്ഷയ്ക്ക് സർക്കാർ ഉയർന്ന മുൻഗണന നൽകുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം അഡീഷണൽ സെക്രട്ടറി അസിം ആർ. മഹാജൻ പറഞ്ഞു.

********************************

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് ഈ മാസം 26-ന് രാവിലെ 11-മണിക്ക്. പരിപാടിയുടെ 133-ാം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും. മൻ കി ബാത്തിലേക്ക് നാളെ വരെ അഭിപ്രായങ്ങൾ പങ്കുവയ്ക്കാം.

********************************

## സെൻസസ് 2027

2027-ലെ സെൻസസുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്തെ ജില്ലാ ഓഫീസർമാർക്കും ചാർജ്ജ് ഓഫീസർമാർക്കുമുള്ള രണ്ടാം ബാച്ച് പരിശീലനം സംഘടിപ്പിച്ചു. പരിശീലന പരിപാടി ജില്ലാ കളക്ടർ അനു കുമാരി ഉദ്ഘാടനം ചെയ്തു. സെൻസസിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് രണ്ട് ബാച്ചുകളിലായി ഏപ്രിൽ 25 വരെയാണ് പരിശീലനം.

********************************

## ഹജ്ജ് ക്യാമ്പ് സജ്ജം

നെടുമ്പാശ്ശേരി വിമാനത്താവളം വഴി ഈ വർഷം ഹജ്ജ് തീർത്ഥാടനത്തിന് പുറപ്പെടുന്നവർക്കായി വിപുലമായ സജ്ജീകരണങ്ങൾ ഒരുക്കിയതായി എറണാകുളം ജില്ലാ കളക്ടർ ജി പ്രിയങ്ക. ഇത്തവണ 8,341 തീർത്ഥാടകരാണ് നെടുമ്പാശ്ശേരി

വിമാനത്താവളം വഴി യാത്ര തിരിക്കുക. കേരളത്തിന് പുറമെ ലക്ഷദ്വീപ്, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുള്ള തീർത്ഥാടകരും നെടുമ്പാശ്ശേരി ക്യാമ്പ് വഴിയാണ് പോകുന്നത്. ഈമാസം 30-ന് ആദ്യ  ഹജ്ജ് സംഘം യാത്ര തിരിക്കും.

*

*****************

*************************************************